# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)728/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/06/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)728/2021 തീയ്യതി: 29/06/2021

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷേർളി പീറ്റർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ഗോപകുമാർ എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീജിത്ത് സി.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കിരൺ കെ.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനി എൽദോ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ടി.കെ.സന്തോഷ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്.പി.സുരേഷ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| സിജ കെ.കെ | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| സിമി. എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സുധ എം.എ | വി.ഇ.ഒ. കരിയാട് സർക്കിൾ | 01-04-2019 | 31-03-2020 |
| ജിസ്ന ടി. ദിനരാജൻ | വി.ഇ.ഒ. മേക്കാട് സർക്കിൾ | 01-04-2019 | 10-12-2019 |
| മായമോൾ എസ്. | വി.ഇ.ഒ. മേക്കാട് സർക്കിൾ | 11-12-2019 | 31-03-2020 |
| ഡോ.നവാസ് | വെറ്റിറിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ബെറ്റി ആന്റണി | മെമെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.മിനി.സി.കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.വിദ്യ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| സിൽവി കെ.ഡി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സജീവ് കുമാർ പി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| സാലി ഡി. | ഹെഡ് മിസ്ട്രസ് എൽ .പി. എസ് മേക്കാട് | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: C.D.Sreejith (Senior Grade Auditor, On 24-06-2021)<br>Last Updated By: Sherly Peter (Audit Officer, On 27-06-2021) | 1-1 |
| 2 | ബജറ്റ് തുകകൾ യുക്തിസഹമല്ല.<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: Sherly Peter (Audit Officer, On 28-06-2021) | 1-1-1 |
| 3 | വാർഷികധനകാര്യപ്പത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Kiran K.S (Auditor, On 24-06-2021)<br>Last Updated By: Sherly Peter (Audit Officer, On 28-06-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 24-06-2021)<br>Last Updated By: Kiran K.S (Auditor, On 24-06-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sherly Peter (Audit Officer, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-10 |
| 12 | ആഭ്യന്തര ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുക.<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: C.D.Sreejith (Senior Grade Auditor, On 25-06-2021) | 1-11 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Kiran K.S (Auditor, On 25-06-2021)<br>Last Updated By: Kiran K.S (Auditor, On 25-06-2021) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-13 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Kiran K.S (Auditor, On 25-06-2021)<br>Last Updated By: Kiran K.S (Auditor, On 25-06-2021) | 1-14 |
| 16 | നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-15 |
| 17 | ഗുണഭോക്തൃലിസ്റ്റിലെ അപാകതകൾ<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | 1-16 |
| 18 | അവ്യക്തവും തെറ്റിദ്ധാരണജനകവുമായ മറുപടി നൽകുന്നു. | 1-17 |

| | | |
|---|---|---|
| | Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | |
| 19 | അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | 1-18 |
| 20 | വാഹന ഉപയോഗത്തിലെ അപാകതകൾ<br>Written By: C.D.Sreejith (Senior Grade Auditor, On 25-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | 1-19 |
| 21 | ബഡ്സ് സ്കൂൾ - രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടില്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 25-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | 1-20 |
| 22 | പത്താം തരം & ഹയർ സെക്കൻഡറി തുല്യതാ പഠനം<br>Written By: Prasad P G (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 1-21 |
| 23 | നാപ്കിൻ വെൻഡിംഗ് മെഷീൻ<br>Written By: Prasad P G (Asst. Audit Officer, On 25-06-2021)<br>Last Updated By: Sherly Peter (Audit Officer, On 28-06-2021) | 1-22 |
| 24 | തെരുവ് വിളക്ക് വൈദ്യുത ചാർജ്- ഉപയോഗിക്കുന്ന ലൈറ്റുകളുടെ കൃത്യമായ കണക്കില്ല.<br>Written By: Prasad P G (Asst. Audit Officer, On 25-06-2021)<br>Last Updated By: Sherly Peter (Audit Officer, On 28-06-2021) | 1-23 |
| 25 | ജനത ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി<br>Written By: Prasad P G (Asst. Audit Officer, On 25-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 1-24 |
| 26 | 'കില" യുടെ നിർദ്ദേശപ്രകാരം ചെലവഴിച്ച തുക -തിരികെ ലഭ്യമാക്കണം<br>Written By: Prasad P G (Asst. Audit Officer, On 25-06-2021)<br>Last Updated By: Prasad P G (Asst. Audit Officer, On 25-06-2021) | 1-25 |
| 27 | ജലനിധി- പദ്ധതി നടത്തിപ്പിലെ കാലതാമസം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 26-06-2021) | 1-26 |
| 28 | ഹിന്ദി പഠന ക്ലാസ്സ്- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 26-06-2021)<br>Last Updated By: Sherly Peter (Audit Officer, On 26-06-2021) | 1-27 |
| 29 | തെരുവ് വിളക്ക് മെയിന്റനൻസ്-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 28-06-2021)<br>Last Updated By: Prasad P G (Asst. Audit Officer, On 28-06-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Sherly Peter (Audit Officer, On 27-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 25-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: M.S.Gopakumar (Asst. Audit Officer, On 24-06-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 24-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 25-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 25-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 24-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 24-06-2021)<br>Last Updated By: Joby George (Computer Assistant, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബജറ്റ് 19-03-19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27-02-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 5(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 17502306 | 319151125 | 336653431 | 310870820 | 25782611 |

### 1-1-1 ബജറ്റ് തുകകൾ യുക്തിസഹമല്ല.

ബജറ്റിൽ ചേർത്തിരിക്കുന്ന പല തുകകളും യുക്തിസഹമല്ല. 2017-18 സാമ്പത്തിക വർഷം വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ലഭിച്ച തുക യഥാക്രമം 1,30,85,046 രൂപ, 1,16,05,699 എന്നിങ്ങനെയാണ്. 2019-20 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം മേൽ ഇനങ്ങളുടെ ഡിമാൻഡ് യഥാക്രമം 1,68,38,733 രൂപ, 1,20,36,788 രൂപ എന്നിങ്ങനെയാണ്. 2019-20 ൽ ലഭിച്ച മുൻവർഷങ്ങളിലെ കുടിശ്ശിക വസ്തു നികുതി ഇനത്തിൽ 16,91,887 രൂപയാണ് . 2019-20 ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള തുക വസ്തു നികുതി ഇനത്തിൽ 28,46,667 രൂപയാണ്. ആകെ വസ്തു നികുതി ഇനത്തിൽ ലഭിക്കാവുന്ന പരമാവധി തുക 2,13,77,287 രൂപയാണ്. എന്നാൽ 2019-20 ൽ മേൽ രണ്ട് ഇനങ്ങൾക്കും കണക്കാക്കിയിരുന്നത് 2,60,00,000, 1,55,00,000 എന്നീ തുകകളാണ്.സ്പെഷ്യൽ ഫണ്ട് എന്ന പേരിൽ 5,00,000 രൂപയും ട്രസ്റ്റ്/ഏജൻസി ഫണ്ട് എന്ന പേരിൽ 10,00,000 രൂപയും വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ തുകകൾ എന്താണെന്നുള്ളതിന് കൃത്യമായ കുറിപ്പ് ചേർത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (3) സൂചിപ്പിച്ചിട്ടുള്ള വരവിനെ സംബന്ധിച്ച നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല. വരവ് തുകകൾ സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് എന്ന മേൽ സെക്ഷനിലെ നിബന്ധന കർക്കശമായി പാലിക്കാൻ നിർദ്ദേശിക്കുന്നു.

## 1-2 വാർഷികധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 30/05/2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52270782 |
| വരവ് | 92737662 |
| ആകെ | 145008444 |
| ചെലവ് | 74486361 |
| നീക്കിയിരിപ്പ് | 70522083 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22352470 | 22352470 | 12217609 | 0 | 10134861 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13114000 | 13114000 | 6188138 | 0 | 6925862 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 180000 | 180000 | 0 | 0 | 180000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10741000 | 10741000 | 4139757 | 0 | 6601243 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4220000 | 4220000 | 2497477 | 0 | 1722523 |
| ധനകാര്യ കമ്മീഷൻ | 0 | 10907689 | 10907689 | 3372018 | 0 | 7535671 |

| | | | | | | |
|---|---|---|---|---|---|---|
| അവാർഡ് | | | | | | |
| ലോക ബാങ്ക് സഹായം KLGSDP | 0 | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് (SBIബാങ്ക് -Current A/C) | 849191 | 1190322 | 2039513 | 510470 | 1529043 | |
| തനത് ഫണ്ട് (SBIബാങ്ക്- ജലനിധി ) 320 300 102 | 1076034 | 34022 | 1110056 | 0 | 1110056 | |
| തനത് ഫണ്ട് (HDFC ബാങ്ക്) | 837602 | 5842543 | 6680145 | 1130332 | 5549813 | |
| തനത് ഫണ്ട് (EDCB ATAHNI) ജനറൽ പർപ്പസ് ഫണ്ട് | 44606480 | 37273635 | 81880115 | 28625174 | 53254941 | |
| സ്പെഷ്യൽ ടി.എസ്.ബി. (ട്രഷറി ) | 340285 | 15935647 | 16275932 | 12205619 | 4070313 | |
| ദുരിതാശ്വാസ നിധി SBI A/C | 37426 | 21389 | 58815 | 40000 | 18815 | |
| ആശ്രയ ഫണ്ട് (UBI A/C) | 3016 | 104 | 3120 | 0 | 3120 | |
| സാക്ഷരത (EDCB ) | 5754 | 50000 | 55754 | 48911 | 6843 | |
| സംയുക്ത പ്രൊജക്റ്റ് സ്പെഷ്യൽ ടി.എസ്.ബി. | 3538751 | 2083696 | 5622447 | 1343449 | 4278998 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- എൻ.ആർ.ഇ.ജി.എസ് | 1430 | 1198610 | 1200040 | 743287 | 456753 | |
| സമ്പൂർണ്ണ ശുചിത്വം (EDCB ) | 823543 | 0 | 823543 | 580155 | 243388 | |
| ICDS- 320 100 121 | 762835 | 1302283 | 2065118 | 640601 | 1424517 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- വിമുക്തി- 320 100 199 | 47960 | 3000 | 50960 | 2536 | 48424 | |
| 320 200 305 സംസ്ഥാനാവിഷ്കൃത പദ്ധതി | 5862 | 0 | 5862 | 0 | 5862 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 325000 | 0 | 325000 | 190000 | 135000 | |
| 320 300 199 കുടുംബശ്രീ ഫണ്ട് | 935812 | 0 | 935812 | 185812 | 750000 | |
| 320 500 101 CIAL Fund | 271295 | 0 | 271295 | 0 | 271295 | |
| 320 900 101 നിർമ്മൽ പുരസ്കാരം | 276660 | 0 | 276660 | 0 | 276660 | |
| ബി.ഫണ്ട് | 0 | 28837580 | 28837580 | 28837580 | 0 | |
| തനത് ഫണ്ട് (ക്യാഷ്) | 151270 | 0 | 151270 | 151270 | 0 | |

| ഫണ്ടിനം | RP-7 പ്രകാരം ചെലവ് | I-6 പ്രകാരം ചെലവ് | വ്യത്യാസം | B-3 ഷെഡ്യൂളിലേക്ക് മാറ്റിയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12217609 | 12032965 | 184844 | 184844 |
| വികസന ഫണ്ട് (എസ്.സി.പി) | 6188138 | 5388796 | 799342 | 799342 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4139767 | 3564770 | 574987 | 574987 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2497477 | 2497477 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3372018 | 1273410 | 2098608 | 2098608 |
| | | ആകെ വ്യത്യാസം | 3657581 | 3657581 |

തൻവർഷം ലഭിച്ച മേൽപ്പറഞ്ഞ ഗ്രാന്റ് തുകയിൽ നിന്ന് മൂലധനആസ്തി ചെലവുകൾക്ക് വിനിയോഗിച്ച തുക ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിലേക്ക് മാറ്റിയതുമൂലമാണ് വാർഷികധനകാര്യപ്പത്രികയിലെ RP-7 ഷെഡ്യൂളിലെ ചെലവുതുകയും, I-6 ഷെഡ്യൂളിലെ ചെലവ് തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നത്. നിലവിൽ I-6 ഷെഡ്യൂളിലെ ചെലവ് റവന്യൂ എക്സ് പെൻഡിച്ചർ ചെലവ് മാത്രമാണ്.

ഇതു കൂടാതെ 320 100 105 – Total Sanitation Campaign എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 415155/- രൂപയും, 320 700 105 – District Panchayat Share For Capital Expenditure – എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 10,88,449/- രൂപയും ഉൾപ്പെടെ 15,03,604/- രൂപ കൂടി ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിലേക്ക് മാറ്റിയിട്ടുണ്ട്. അതായത് ബാലൻസ് ഷീറ്റിൽ Capital Contribution (B3 Schedule) ൽ 31.03.2019 നെക്കാൾ 31.03.2020 ൽ 51,61,185 /- രൂപയുടെ മൂലധന ആസ്തി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 346 | 13,62,43,569 | 189 | 4,66,03,905 | 28 | 129 | 161 | 46.53% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-

പഞ്ചായത്തിലെ എസ് .ടി. കുടുംബങ്ങൾ ചിതറിക്കിടക്കുന്നതുകൊണ്ടും, ഈ പദ്ധതിക്കുവേണ്ടിയുള്ള ഗുണഭോക്തൃലിസ്റ്റ് ലഭ്യമാകാത്തതുകൊണ്ടും ഈ പദ്ധതി ഉപേക്ഷിച്ചു.

2) അഭിനയ-ചിത്രക്കളരി - പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും, ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ മാനദണ്ഡം നിശ്ചയിക്കാനാവാത്തതുകൊണ്ട് പദ്ധതി ഉപേക്ഷിച്ചു.

കോവിഡ് മഹാമാരി കാരണം 2020 മാർച്ച് പകുതി മുതൽ സമ്പൂർണ്ണലോക്ക് ഡൗൺ പ്രാബല്യത്തിൽ വന്നതുകൊണ്ട് 2019-2020 സാമ്പത്തികവർഷത്തെ മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെ ട്രഷറിയിൽ സമർപ്പിക്കാൻ കഴിയാതെ വരികയും, ഏറെ ബില്ലുകൾ Queue Bill ആയി മാറുകയും ചെയ്തതുകൊണ്ട് 50% -ൽ താഴെ മാത്രം പ്രൊജക്റ്റുകളെ പൂർത്തീകരിക്കാനായുള്ളൂ.
വിവിധ നിർവ്വഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവിനത്തിൽ ട്രഷറിയിൽ സമർപ്പിച്ച 32 ബില്ലുകൾ തൻവർഷം പണമാക്കാനാവാതെ Queue Bill- കളായി മാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സാമ്പത്തികവർഷാവസാനത്തേക്ക് നീക്കിവെക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നതിനാൽ പദ്ധതി നിർവ്വഹണ കലണ്ടർ സമയബന്ധിതമായി പാലിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ സവിശേഷ ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1430 | 1198610 | 1200040 | 743287 | 456753 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 14552279 | 14552279 | 14552279 | ---- |
| ആകെ | 1430 | 15750889 | 15752319 | 15295566 | 456753 |

2019-2020 വാർഷിക പ്ലാൻ പ്രകാരം സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം - 134

2019-2020 വർഷം പൂർത്തീകരിച്ച പ്രവൃത്തികൾ - 134

പൂർത്തീകരിച്ച പ്രവൃത്തികളുടെ ഇനം തിരിച്ച വിവരം:

| ക്രമനമ്പർ | പ്രവൃത്തികളുടെ ഇനം | ചെലവഴിച്ച |
|---|---|---|

| | | തുക |
|---|---|---|
| 1 | നേഴ്സറി നിർമ്മാണവും പരിപാലനവും | 405687 |
| 2 | ഇറിഗേഷൻ കനാലുകളുടെ പുനരുദ്ധാരണം | 329281 |
| 3 | മണ്ണ് ജലം സംരക്ഷണ പ്രവൃത്തികൾ | 9379527 |
| 4 | തരിശ്- പാഴ് ഭൂമി കൃഷിയോഗ്യമാക്കൽ | 2877334 |
| 5 | തോട് പുനരുദ്ധാരണ പ്രവൃത്തികൾ | 1171143 |
| 6 | കാർഷിക ആവശ്യത്തിന് കുളം നിർമ്മാണം | 261039 |
| 7 | അടിസ്ഥാന സൗകര്യ വികസനം | 126989 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10080 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2051400 | 39 |
| വിധവാപെൻഷൻ | 7723200 | 60 |
| വാർദ്ധക്യകാലപെൻഷൻ | 16505100 | 449 |
| വികലാംഗപെൻഷൻ | 1777200 | 25 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 444600 | 19 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-06-2021ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10232/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

1. ബിൽ കളക്ടർമാർക്ക് നല്കുന്ന രസീതുബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. നിർവ്വഹണഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന രജിസ്റ്റർ , ലൈസൻസുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10/2019 | 29.11.2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 To 2018 19 | 03.06.2019 |

## 1-11 ആഭ്യന്തര ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുക.

(എ). ഏതൊരു സ്ഥാപനത്തിന്റെയും സുസ്ഥിരമായ നിലനിൽപ്പിന് ഏറ്റവും പ്രധാനപ്പെട്ടത് ആ സ്ഥാപനത്തിന് അതിന്റെ പ്രവർത്തനങ്ങളെ സ്വയം വിലയിരുത്താനുള്ള കഴിവാണ്. തനത് വരുമാനം മികച്ച നിലയിലുള്ള നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിന് അതുകൊണ്ട് തന്നെ സാമ്പത്തിക അപകട സാദ്ധ്യത ( Financial Risk Factor ) താരതമ്യേന കൂടുതലാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു ആഭ്യന്തര ഓഡിറ്റ് ( Internal Audit )സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

2018 ൽ ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.ആയതിന്റെ ഭാഗമായി 6 മാസത്തിലൊരിക്കൽ ആഭ്യന്തര ഓഡിറ്റ് നടത്തേണ്ടതുണ്ടായിരുന്നു. എന്നാൽ 2021 ഏപ്രിൽ മാസം വരെ സ്ഥാപനത്തിൽ ആഭ്യന്തര ഓഡിറ്റ് നടത്തിയിട്ടില്ല. 2021 ഏപ്രിൽ മാസത്തിലാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കിട്ടിയ ശേഷം ആദ്യമായി ആഭ്യന്തര ഓഡിറ്റ് നടത്തിയത്. എന്നാൽ ഇതുവരെ 6 സെക്ഷനുകളുടെ ആഭ്യന്തര ഓഡിറ്റ് മാത്രമാണ് നടത്തിയത്. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായ ആഭ്യന്തര ഓഡിറ്റ് 6 മാസത്തെ ഇടവേളകളിൽ നടപ്പിലാക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.ആയതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഏത് മാസങ്ങളിലാണ് ആഭ്യന്തര ഓഡിറ്റ് നടപ്പിലാക്കേണ്ടത് എന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കണം.

2. ഓഡിറ്റിന്റെ രീതി, മാനദണ്ഡം എന്നിവ നിശ്ചയിക്കേണ്ടതാണ്. അക്കൌണ്ടന്റ് ജനറൽ ഇന്റേണൽ ഓഡിറ്റിനായി സ്വീകരിക്കുന്ന വാക്ക് ത്രൂ ( Walk-Through ) രീതി അഭികാമ്യമായിരിക്കും. ഒരു ഫയലിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള നടപടികൾ നിരീക്ഷിക്കുന്ന രീതിയാണിത്. ഫയലുകൾ തെരഞ്ഞെടുക്കുന്നതിനുള്ള സാംപ്ളിംഗ് രീതിയും നിശ്ചയിക്കേണ്ടതാണ്.

3. ഓരോ സെക്ഷനും ഓഡിറ്റ് ചെയ്യേണ്ട ആഭ്യന്തര ഓഡിറ്റർമാരെ പഞ്ചായത്ത് ജീവനക്കാരിൽ നിന്നും തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത ഓഡിറ്റർമാരുടെ വിവരം മുൻകൂട്ടി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

4. ഓഡിറ്റ് റിപ്പോർട്ടിന് വളരെ എളുപ്പമുള്ള ഒരു ഫോർമാറ്റ് തയ്യാറാക്കേണ്ടതാണ്.

5. റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ നടപടി സ്വീകരിക്കാൻ ഒരു നിശ്ചിത സമയപരിധി അനുവദിക്കുക. റിപ്പോർട്ടും ആയതിൻമേൽ സ്വീകരിച്ച നടപടിയും പഞ്ചായത്തിന്റെ ഭരണസമിതി തലത്തിൽ ചർച്ച ചെയ്യുന്നത് അഭികാമ്യമായിരിക്കും.

(ബി). 2021 ഏപ്രിൽ മാസത്തിൽ നടത്തിയ ആഭ്യന്തര ഓഡിറ്റിൽ പല ഗൌരവകരമായ അപാകതകളും കാണുന്നുണ്ട്.ആയവ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല.

2. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പോരായ്മ മൂലം റികൺസിലിയേഷൻ സാധിച്ചില്ല.

3. RTGS-NEFT വഴി ലഭ്യമാകുന്ന തുകകൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല.

4. തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കുക. അപാകതകളിൽ ക്രമ നം.1,4 എന്നിവ അതീവ പ്രാധാന്യമുള്ളതാണ്. ക്രമ നം.4 അപാകത സംബന്ധിച്ച് ഇതിനോടകം പല ഓഡിറ്റ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചിട്ടും ആയതിന് ഇതുവരെ പരിഹാരമായില്ല എന്നത് ഓഡിറ്റ് ഗൌരവമായി കണക്കിലെടുക്കുന്നു. 30.09.2021 നകം പഞ്ചായത്തിലെ എല്ലാ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് ഓഡിറ്റിൽ അറിയിക്കാൻ നിർദ്ദേശിക്കുന്നു.

## 1-12 തൊഴിൽ നികുതി - അപാകതകൾ

1)1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ

സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ കാലികമായി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല.

2)2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ക്രമ നമ്പറിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നമ്പർ | രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 2019-20 അർദ്ധവർഷം |
|---|---|---|---|
| 1 | 25 | SAJ Earth Resort | II |
| 2 | 49 | പട്ടുരുമഠം ഡിസ്പെൻസറി, കരിയാട് | II |
| 3 | 60 | Air Arabia, കൊച്ചി | I & II |
| 4 | 71 | ഗ്ലോബൽ ട്രാൻസ്പോർട്ടേഷൻ സർവ്വീസസ് Pvt Ltd | II |
| 5 | 76 | Concord Freight Pvt Ltd | II |
| 6 | 81 | തോമസ് കുക്ക് ഇന്ത്യ ലിമിറ്റഡ് | II |
| 7 | 83 | ആൻസ് ഇന്ത്യ എക്സിം Pvt Ltd | II |
| 8 | 103 | കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | II |
| 9 | 104 | ഉദയ ഫിനാൻസ് | II |
| 10 | 105 | അറ്റലസ് ലോജിസ്റ്റിക്സ് Pvt Ltd | II |
| 11 | 107 | UPS-SCS(ഇന്ത്യ) Pvt Ltd | II |
| 12 | 108 | വിസ്താര(ടാറ്റാ സിയ എയർലൈൻസ് ലിമിറ്റഡ്) | II |
| 13 | 114 | ഖത്തർ എയർവേസ് | II |
| 14 | 115 | രജപ് ലോജിസ്റ്റിക്സ് | II |
| 15 | 116 | ന്യൂ ഭാരത് മാൻപവർ കൺസൾട്ടൻസി സർവ്വീസസ് | II |
| 16 | 118 | GS ടെലിടെക് | II |
| 17 | 121 | സൂര്യ എഞ്ചിനീരിംഗ് | II |

| | | | |
|---|---|---|---|
| | | ഇൻഡസ്ട്രീസ് | |
| 18 | 125 | ഹോട്ടൽ എയർലിങ്ക് കാസ്റ്റിൽ | II |
| 19 | 132 | ലോട്ടസ് 8 A പാർട്ട് ഹോട്ടൽ, വാപ്പാലശ്ശേരി | II |
| 20 | 136 | ഗുഡ് ലൃക്ക് ഫോട്ടോ ആൽബം, മേക്കാട് | II |
| 21 | 143 | EBIX Cash World Money Ltd | II |
| 22 | 153 | പീസ് മിഷൻ സെന്റർ | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈൗടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഒരു തൊഴിലിലോ/ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2019-20 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും വാണിജ്യ വ്യവസായാവശ്യങ്ങൾക്കുള്ള ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ അതിന്റെ പേരിനു നേരെ ചേർത്തിരിക്കുന്ന എണ്ണം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 ന മറുപടിയായി പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈൗടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡി&ഒ രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 393 | ZATOON(Gusto Foods) | 20 |
| 2 | 424 | മല്ലൂസ് ദാബാ, നെടുമ്പാശ്ശേരി | 10 |
| 3 | 412 | വൃന്ദാവൻ റിട്രീറ്റ് | 10 |
| 4 | 442 | S J ഗാർമെന്റ്സ് | 7 |
| 5 | 167 | മാന്തോപ്പിൽ ഫുഡ് പ്രൊഡക്ട്സ് | 6 |
| 6 | 193 | നിയോ കെയർ പ്രൈവറ്റ് ലിമിറ്റഡ് | 5 |
| 7 | 441 | J J ഗാർമെന്റ്സ് | 4 |
| 8 | 406 | റോയൽ വിങ്സ് ഹോട്ടൽ | 4 |
| 9 | 430 | Smart Eat 'N' Joy | 4 |
| 10 | 453 | Nightingales Mediwear | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈൗടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|

| | |
|---|---|
| 1 | വി.ഒ ജോസ്, വിതയത്തിൽ , അയ്രൂർ പി.ഒ |
| 2 | സിബി കെ.പി, കണ്ണംപറമ്പിൽ, പിരാരൂർ പി.ഒ |
| 3 | സിന്റോ എം.എ, മൂഞ്ഞേലി, ചമ്പന്നൂർ , അങ്കമാലി സൗത്ത് പി.ഒ |
| 4 | പോൾസൺ ജോസ്, മണവാളൻ, ചമ്പന്നൂർ , അങ്കമാലി സൗത്ത് പി.ഒ |
| 5 | കെ.ഡി ദേവസ്സിക്കുട്ടി, കിഴക്കേടത്ത്, ചമ്പന്നൂർ , അങ്കമാലി സൗത്ത് പി.ഒ |
| 6 | പി.എ ദേവസ്സിക്കുട്ടി, പള്ളത്ത്കുടി, കരിയാട്, മേക്കാട് പി.ഒ |
| 7 | വിൽസൻ തോമസ്, പാണികുളങ്ങര, കരിയാട്, മേക്കാട് പി.ഒ |
| 8 | കെ.ഐ. ഇട്ടിര, കോയിക്കൽ, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ |
| 9 | കെ.എം ജോസഫ്, കൂരൻ, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ |
| 10 | അജയ്കുമാർ പുത്തൻപുരയിൽ, അഞ്ജന, മേക്കാട് പി.ഒ |
| 11 | സനിൽകുമാർ എ.ജി, അമ്പാടത്ത്, പറമ്പുശ്ശേരി, കുറുമശ്ശേരി പി.ഒ |
| 12 | സുജികുമാർ |
| 13 | ടി.വി പൗലോസ്, കോട്ടക്കൽ, മേക്കാട് പി.ഒ |
| 14 | ജിതിൻ സേവ്യർ |
| 15 | കെ.എ ജോയ്, കോലഞ്ചേരി, നീലീശ്വരം |

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും നിയമാനുസൃതമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ തുടങ്ങി സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.
4)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതു പ്രകാരം ഡി&ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം ഡി&ഒ ലൈസൻസ് ഫീ അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ചും ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ പ്രകാരം ഡി&ഒ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതു സംബന്ധിച്ചും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ആയത് പഞ്ചായത്തിൽ നടപ്പിൽ വരുത്തിയതായി കാണുന്നില്ല. ഇക്കാരണത്താൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയുന്നില്ല. ഇത്തരത്തിൽ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ച് ട്രേഡേർസ് ലിസ്റ്റും സ്ഥാപന ലിസ്റ്റും തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-15 നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

മികച്ച തനത് വരുമാനമുള്ള നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് കൂടുതൽ നൂതന പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള പദ്ധതികൾ മാത്രമാണ് ഇപ്പോഴും പരിഗണിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യചുമതലയിലെ 13ാം നമ്പരായി ചേർത്തിട്ടുള്ള, ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക എന്നത് വളരെ കാലിക പ്രാധാന്യമുള്ള ഒരു വിഷയമാണ്. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലെ 16ാംമതായി ചേർത്തിട്ടുള്ള കായികവിനോദവും സാംസ്കാരിക കാര്യങ്ങളും എന്ന ഇനത്തിൽ ഒന്നാമതായി ചേർത്തിട്ടുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുക എന്നത് പഞ്ചായത്തിന് പരിഗണിക്കാവുന്ന വിഷയമാണ്. നിലവിൽ പഞ്ചായത്തിൽ രണ്ട് ഓപ്പൺ ഗ്രൌണ്ടുകളാണ് ഉള്ളത്. പുതുതായുള്ള ഇൻഡോർ കളിസ്ഥങ്ങളുടെ നിർമ്മാണം പഞ്ചായത്തിലെ ജനതയുടെ ആരോഗ്യപൂർണ്ണമായ ജീവിതത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. ഇൻഡോർ സ്റ്റേഡിയങ്ങൾക്ക് താരതമ്യേന കുറഞ്ഞ സ്ഥലം മതിയാകും. കേരള പഞ്ചായത്ത് രാജ്

സെക്ഷൻ 219 (എ) യിൽ സൂചിപ്പിച്ചിട്ടുള്ള പതിവായി തെരുവുകൾ ഉത്ത് വാരുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള സംവിധാനമൊരുക്കുക എന്നതിലേക്കും പഞ്ചായത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കാവുന്നതാണ്.നിലവിൽ 3 ജംഗ്ഷനുകൾ ഉത്ത് വാരി വൃത്തിയാക്കുന്ന ജോലി പഞ്ചായത്തിൽ നടന്ന് വരുന്നുണ്ട്.ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.പൊതുവായ ചുമതലകളിൽ മൂന്നാമതായി ചേർത്തിട്ടുള്ള മിതവ്യയം ശീലിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക എന്നത് ഇപ്പോഴത്തെ കൊവിഡ് സാഹചര്യത്തിലെ വരുമാനശോഷണ സമയത്ത് ഏറെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

മുകളിൽ ചേർത്തിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്.കേരളത്തിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകൾക്കും താത്പര്യമുണ്ടെങ്കിലും ഇത്തരം വിഷയങ്ങളിലേക്ക് കടക്കാൻ സാമ്പത്തിക നില അനുവദിക്കുന്നില്ല. നെടുമ്പാശ്ശേരി പഞ്ചായത്തിന്റെ ശക്തമായ സാമ്പത്തിക നില ഇവിടെ അനുകൂല ഘടകമാണ്.പുതിയ ഭരണസമിതിക്കി ഇക്കാര്യത്തിൽ നല്ലൊരു പങ്ക് വഹിക്കാൻ കഴിയുമെന്ന് ഓഡിറ്റ് പ്രതീക്ഷിക്കുന്നു. നൂതന പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സബ്കമ്മിറ്റി, ടാസ്ക് ഫോഴ്സ് എന്നിങ്ങനെയുള്ള കമ്മിറ്റികൾ രൂപവത്കരിച്ച് ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് ഉടങ്ങിയവരുമായി നിരന്തര ചർച്ചകളിലൂടെ മികച്ച പദ്ധതികൾ രൂപീകരിക്കാൻ കഴിയും. എല്ലാ പദ്ധതികളും കേരള പഞ്ചായത്ത് രാജ് ആക്ടിനും വിവിധ സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കണം.

## 1-16 ഗുണഭോക്തൃലിസ്റ്റിലെ അപാകതകൾ

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിന്റെ തെരഞ്ഞെടുപ്പും ധനസഹായവിതരണവും സംബന്ധിച്ച് പ്രൊജക്റ്റ് നമ്പർ 146/20, വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി), പ്രൊജക്റ്റ് നമ്പർ 227/19 , കക്കൂസ് മെയിന്റനൻസ് എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ പരിശോധിച്ചു. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) എന്ന പദ്ധതിയിലെ വാർഡ് 1,2,4,5,7,9,10,11,13,15,18,19 എന്നീ വാർഡുകളിൽ ഗുണഭോക്തൃലിസ്റ്റിൽ ക്രമനമ്പർ അനുസരിച്ചല്ല ധനസഹായം നൽകിയിരിക്കുന്നത്. പ്രളയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ധനസഹായമായി വലിയ തുക പ്രതീക്ഷിക്കുന്നത് കൊണ്ടും വീട് അറ്റകുറ്റപ്പണി നടത്താൻ തയ്യാറാകത്തത് മൂലവും ചില ഗുണഭോക്താക്കളെ ഒഴിവാക്കിയതായി നിർവഹണ ഉദ്യോഗസ്ഥ വ്യകതമാക്കിയിരുന്നു.എന്നാൽ മറ്റുചില ഗുണഭോക്തക്കാളെ ഒഴിവാക്കിയതിന് യാതൊരു കാരണവും രേഖപ്പെടുത്തിയിരുന്നില്ല. ഈ രീതി സുതാര്യമല്ല എന്ന് അഭിപ്രായപ്പെടുന്നു.വ്യക്തമായ മാനദണ്ഡങ്ങളാണ് മേൽ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ പഞ്ചായത്ത് നിശ്ചയിച്ചിരുന്നത്. ഓല, വീട്, ഷീറ്റ് എന്നിവ മേഞ്ഞ വീടുകൾ, കാലപ്പഴക്കം കൂടുതലുള്ള വീടുകൾ, വനിതകൾ മാത്രമുള്ള കുടുംബം, വികലാംഗർ ഉള്ള വീടുകൾ, വിധവ ഗൃഹനാഥയായ വീട് എന്നിവയായിരുന്നു അർഹത മാനദണ്ഡങ്ങൾ. ഓരോന്നിനും 20 മാർക്ക് വീതമാണ് നൽകുന്നത്. ഇങ്ങനെ നൽകുന്ന ലിസ്റ്റിലെ ഏറ്റവും ഉയർന്ന റാങ്കിൽ വരുന്നത് ഏറ്റവും ദയനീയ സാഹചര്യമുള്ള വ്യക്തികളാണ് എന്നത് വ്യകതമാണല്ലോ. ആയതിനാൽ അർഹരായവർക്ക് തന്നെ ധനസഹായം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതിനോടൊപ്പം സ്വജനപക്ഷപാതത്തിനിടവരാതെയും ശ്രദ്ധിക്കേണ്ടതാണ്. ആയതിന് സുതാര്യമായ ഒരു രീതി സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ പോസ്ററ് കാർഡിലോ മറ്റോ അർഹരായ ഗുണഭോക്താക്കളെ രേഖാമൂലം അർഹത സംബന്ധിച്ചും എത്ര ദിവസത്തിനകം രേഖകൾ ഹാജരാക്കണം എന്നത് സംബന്ധിച്ചും അറിയിക്കുക.നിശ്ചിത സമയത്തിനകം മറുപടി ലഭ്യമാകാതിരുന്നാൽ പ്രസ്തുത വിവരം വാർഡ് മെംമ്പർ, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

2. മേൽ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു ഗുണഭോക്താവിന് 20 ന്റെ ഗുണിതങ്ങളായേ മാർക്കുകൾ ലഭിക്കൂ. എന്നാൽ വാർഡ് 5 ൽ 56, 55, 54 എന്നിങ്ങനെ മാർക്കുകൾ ലഭിച്ചിട്ടുണ്ട്. ഇത് ഗ്രാമസഭ ലിസ്റ്റിൽ രേഖപ്പെടുത്തുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർക്ക് നൽകിയതിലുള്ള അപാകത ഒരു സ്ഥലത്തും പരിശോധിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

3. കക്കൂസ് മെയിന്റനൻസ് എന്ന പദ്ധതിക്ക് (പ്രൊജക്റ്റ് നം.227/19) 25 ഗുണഭോക്താക്കൾക്ക് 9240 രൂപ വീതം നൽകാനായിരുന്നു പദ്ധതിയിട്ടിരുന്നത്.എന്നാൽ 9 ഗുണഭോക്താക്കൾക്കാണ് ഓഡിറ്റ് വർഷം തുക നൽകിയത്. 2020-21 ൽ 2 ഗുണഭോക്താക്കൾക്ക് കൂടി നൽകി. പ്രളയത്തിൽ തകർന്ന കെട്ടിടങ്ങൾക്കാണ് മേൽ സഹായം വിഭാവനം ചെയ്തിരുന്നത് എന്നും എന്നാൽ എല്ലാ തരത്തിലുള്ള ഗുണഭോക്താക്കളും അപേക്ഷ നൽകി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്നും അതിനാലാണ് കൂടുതൽ ധനസഹായം നൽകാൻ കഴിയാതിരുന്നത് എന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. പദ്ധതികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ ഗ്രാമസഭക്ക് നൽകുന്നില്ല എന്നതിന്റെയും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാനുള്ള അപേക്ഷ പരിശോധിക്കുമ്പോൾ ഓരോ പ്രൊജക്റ്റിന്റെയും അർഹത മാനദണ്ഡങ്ങൾ കൃത്യമായി പരിശോധിക്കപ്പെടുന്നില്ല എന്നും വ്യക്തമാണ്. നൂറുകണക്കിന് പദ്ധതികൾ ഉള്ളതിൽ പരിശോധിച്ച രണ്ടെണ്ണത്തിലും അപാകതകൾ ഉള്ളത് ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള നടപടികൾ കൂടുതൽ കൃത്യമായും നിയമവിധേയമായും ചെയ്യണമെന്നതിന്റെ ആവശ്യകതയാണ് വ്യക്തമാക്കുന്നത്.

## 1-17 അവ്യക്തവും തെറ്റിദ്ധാരണജനകവുമായ മറുപടി നൽകുന്നു.

വിവരാവകാശ നിയമപ്രകാരം വ്യക്തികൾ നൽകുന്ന അപേക്ഷയിൻമേൽ മറുപടി നൽകുന്നത് വ്യക്തവും തെറ്റിദ്ധാരണജനകമല്ലാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. A2/4226/19/25.07.2019 പ്രകാരം പഞ്ചായത്തിന് ലഭിച്ച വിവരാവകാശ അപേക്ഷയിൽ 'അത്താണി ജംഗ്ഷനിൽ പണിത് കൊണ്ടിരിക്കുന്ന കെട്ടിടം പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ, വാങ്ങിയിട്ടുണ്ടെങ്കിൽ എന്നാണ് വാങ്ങിയത് ' എന്ന ചോദ്യത്തിന് 'ഇല്ല 'എന്നാണ് മറുപടി നൽകിയത്.

കെട്ടിടം പണി നടക്കുന്നില്ല എന്നാണോ ആയതിന് അനുമതി വാങ്ങിയിട്ടില്ല എന്നാണോ പ്രസ്തുത കെട്ടിടം പണിക്ക് അനുമതി വാങ്ങേണ്ടതില്ല എന്നാണോ പഞ്ചായത്ത് ഉദ്ദേശിച്ചത് എന്ന് വ്യക്തമല്ല. N.H ൽ നിന്ന് എത്ര മീറ്റർ അകലം പാലിച്ചാണ് കെട്ടിടത്തിന് അനുമതി കൊടുത്തിരിക്കുന്നത് എന്ന ചേദ്യത്തിന് 'മൂന്ന് മീറ്റർ' എന്നാണ് മറുപടി നൽകിയത്. അനുമതി നൽകിയിട്ടില്ലാത്ത കെട്ടിടത്തിന് 3 മീറ്റർ എന്ന് എങ്ങനെ മറുപടി നൽകാൻ കഴിയും. 'ടി കെട്ടിടത്തിന്റെ സ്റ്റെയർകേസ് പണിതിട്ടുള്ളത് പ്രത്യക്ഷത്തിൽ യാത്രക്കാർക്ക് അസൌകര്യമുള്ള രീതിയിലാണ്. ഇത് അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ നടപടിയെടുത്തിട്ടുണ്ടോ' എന്ന ചോദ്യത്തിന് 'ഉണ്ട് ' എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സ്റ്റെയർകേസ് ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നാണോ നടപടിയെടുത്തിട്ടുണ്ട് എന്നാണോ പഞ്ചായത്ത് ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല. അപേക്ഷകന് മറുപടി നൽകിയിരിക്കുന്നത് 16.08.2019 ലാണ്. എന്നാൽ അനധികൃത കൈയേറ്റം നടത്തിയതായി പറയപ്പെടുന്ന കെട്ടിട ഉടമക്ക് കത്ത് നൽകുന്നത് 16.09.2019 ലാണ്. അതു കൊണ്ട് നടപടിയെടുത്തിട്ടുണ്ട് എന്നതാണ് മറുപടിയിൽ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ അത് വാസ്തവ വിരുദ്ധമാകും.

മറുപടിയിൽ കൃത്യതയില്ലാത്തതുകൊണ്ട് അപേക്ഷകൻ അപ്പലൈറ്റ് അതോറിറ്റിയെ സമീപിച്ചു. അതോറിറ്റി സ്റ്റേറ്റ് പബ്ളിക് ഇൻഫൊർമേഷൻ ഓഫീസറായിരുന്ന പഞ്ചായത്ത് സെക്രട്ടറി വ്യക്തവും വിശദവുമായ മറുപടി നൽകിയിരുന്നെങ്കിൽ അപ്പീൽ സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്ന് വിലയിരുത്തുകയും ചെയ്തു. ഇത്തരത്തിൽ മറ്റ് അപേക്ഷകളിൻമേലും അപ്പലൈറ്റ് അതോറിറ്റിയിൽ നിന്ന് സമാന വിലയിരുത്തൽ ഉണ്ടായതായി കാണുന്നുണ്ട്. തെറ്റിദ്ധാരണജനകമായ മേൽ രീതിയിലുള്ള മറുപടികൾ പഞ്ചായത്തിന്റെ സുതാര്യതയെ സംശയത്തോടെ വീക്ഷിക്കാൻ പൊതുജനത്തെ പ്രേരിപ്പിക്കും എന്നതിനാൽ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ തികഞ്ഞ അവധാനത പുലർത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-18 അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

30.08.2019 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 24 പ്രകാരം പഞ്ചായത്ത് കാര്യാലയത്തോട് ചേർന്നുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിൽ അനധികൃത കയ്യേറ്റം നടന്നതായും ഇക്കാര്യത്തിൽ ഗൌരവകരമായ സമീപനം ആവശ്യമാണ് എന്നും കൂടുതൽ പരിശോധനക്ക് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും തീരുമാനമെടുത്തിരുന്നു.എന്നാൽ നാളിത് വരെ യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ പോലും അലംഭാവം പ്രകടിപ്പിക്കുന്നു എന്നത് ഗൌരവകരമാണെന്ന് ഓഡിറ്റ് കരുതുന്നു. മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പൊതുജനം ചൂണ്ടിക്കാട്ടുന്ന അനധികൃത നിർമ്മാണത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുന്ന കാര്യത്തിലും പഞ്ചായത്ത് ജാഗ്രത പുലർത്തുന്നില്ല. A2/4226/19/25.07.2019 പ്രകാരം പഞ്ചായത്തിന് ലഭിച്ച വിവരാവകാശ അപേക്ഷയിൽ അത്താണി ജംഗ്ഷനിൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടനിർമ്മാണ ലംഘനത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് A3-3937/19/16.09.2019 നമ്പർ കത്ത് പ്രകാരം കെട്ടിട ഉടമകൾക്ക് നൽകിയ കത്തിൽ പി.ഡബ്ള്യു.ഡി റോഡിലൂടെയുള്ള നീരൊഴുക്ക് തടസ്സമാകുന്ന വിധത്തിൽ കെട്ടിടത്തിൽ ഗോവണി സ്ഥാപിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും ഈ ഗോവണി 15 ദിവസത്തിനകം പൊളിച്ച് മാറ്റണം എന്നും സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടത്തിലെ ഗോവണിയുടെ ഇപ്പോഴത്തെ അവസ്ഥ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാഹന ഉപയോഗത്തിലെ അപാകതകൾ

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന KL-63-D-7751 എന്ന വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. യാത്ര ആരംഭിക്കുന്ന സ്ഥലം, യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര്, യാത്ര ആരംഭിച്ചതും അവസാനിച്ചതുമായ സമയം, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

2. ലഭ്യമായ ഇന്ധനത്തിന്റെ വിവരം രേഖപ്പെടുത്തുന്നില്ല.

3. മൈലേജ് സർട്ടിഫിക്കറ്റിനായി നൽകിയ അപേക്ഷ ഫീസ് മാത്രമാണ് ഹാജരാക്കിയത്. മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

4. പ്രതിമാസ ഇന്ധന ഉപഭോഗം രേഖപ്പെടുത്തുന്നില്ല.

5. 01.04.2019 മുതൽ 28.02.2020 വരെ മേൽ വാഹനം 6178 കി.മീ സഞ്ചരിച്ചു.ഇക്കാലയളവിൽ ഉപയോഗിച്ച ഇന്ധനം 753.77 ലിറ്റർ ആണ്. മൈലേജ് 8.196 ആണ്. പാലിയേറ്റീവിനുപയോഗിക്കുന്നത് Maruti Suzuki EECO എന്ന വാഹനമാണ്. ആയതിന് 16.1 കി.മീ മൈലേജ് സാധാരണ അവസ്ഥയിൽ കമ്പനി വെബ്സൈറ്റിൽ കാണുന്നുണ്ട്. ആയതിന്റെ പകുതി മാത്രമാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. ഈ സാഹചര്യത്തിൽ മൈലേജ് സർട്ടിഫിക്കറ്റ് എത്രയും വേഗം ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാഹന മെയിന്റനൻസ് അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-20 ബഡ്സ് സ്കൂൾ - രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടില്ല.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 27.03.2018-നാണ് ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. 2017-18 ആരംഭിച്ച ഈ ബഡ്സ് സ്കൂളിന്

2018-19 സാമ്പത്തികവർഷം മുതൽ വിവിധ പ്രവർത്തനങ്ങൾക്കായി തുകവകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വർഷം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | S041/19 | ബഡ്സ് സ്കൂൾ | 1220169 |
| 2019-20 | S242/20 | ബഡ്സ് സ്കൂൾ | 264281 |
| | S131 /20 | ബഡ്സ് സ്കൂൾ | 846955 |
| 2020-21 | S204/21 | ബഡ്സ് സ്കൂൾ | 651519 |
| | S017/21 | ബഡ്സ് സ്കൂൾ | 393375 |
| | | ആകെ | 33,76,299 |

2018-19 മുതൽ ഓരോ വർഷവും ശരാശരി 11 ലക്ഷം രൂപ പ്രവർത്തനചെലവ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നല്കിവരുന്നുണ്ട്. ഒരു സ്പെഷ്യൽ അദ്ധ്യാപിക, ഒരു അസിസ്റ്റന്റ് അദ്ധ്യാപിക , ഒരു ആയ, ഒരു ഡ്രൈവർ എന്നിവർക്കുള്ള ശമ്പളം, വേതനം, ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിലാണ് പ്രതിവർഷം ചെലവ് വരുന്നത്. 25 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

29.07.2009 ലെ ജി.ഒ(എം.എസ്) 148/2008/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂളുകൾ എന്നപേരിൽ സ്പെഷ്യൽ സ്കൂളുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിടം വാങ്ങൽ. വർക്ക് ഷെഡ്, ഫർണ്ണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവ ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുമായിച്ചേർന്ന് വിഹിതം വകയിരുത്താവുന്നതാണ്. പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനും പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഇത്രയും വിദ്യാർത്ഥികൾ പഠിക്കുന്ന ഈ ബഡ്സ് സ്കൂളിന് നാളിതുവരെ രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ബഡ്സ് സ്കൂളിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നിയമാനുസൃത അംഗീകാര നടപടികൾ പൂർത്തിയാക്കി കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഭരണസമിതി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പത്താം തരം & ഹയർ സെക്കൻഡറി തുല്യതാ പഠനം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 172/19-20 - പത്താം തരം & ഹയർ സെക്കൻഡറി തുല്യതാ പഠനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,ഗവ.എസ്.വി. എൽ.പി.എസ്, മേക്കാട്. |
| പദ്ധതി അടങ്കൽ | 1,50,000/- (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 95,450/- (SBI E PaymentA/C ചെക്ക് നം 034681/31.03.2020) |

പത്താം തരം തുല്യതാ പരീക്ഷക്കും ഹയർ സെക്കൻഡറി തുല്യതാ പരീക്ഷക്കും നെടുമ്പാശ്ശേരി പഞ്ചായത്തിൽ നിന്നും രജിസ്റ്റർ ചെയ്തവർക്ക് ഫീസ് അടവാക്കുന്നതിനുള്ള പദ്ധതിയാണിത്.

താഴെ പറയും പ്രകാരം പത്താം തരത്തിന് 25 പേരും, പ്ലസ് വണ്ണിന് 33 പേരും, പ്ലസ് ടു വിന് 8 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് എറണാകുളം ജില്ലാ സാക്ഷരതാ മിഷന്റെ DLM/A1/P1/20 Lr/Lf 1303.2020 നം കത്ത് മുഖേന അറിയിച്ചതനുസരിച്ചാണ് തുക അടവാക്കിയിട്ടുള്ളത്.

| ക്ലാസ്സ് | വിദ്യാർത്ഥികളുടെ എണ്ണം | | | ഫീസ് വിവരം | | ആകെ തുക |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ആകെ | ജനറൽ | എസ്.സി | |
| പത്താം തരം | 11 | 14 | 25 | 11 X 1850 | 14 X 100 | 21750 |
| പ്ലസ് വൺ | 21 | 12 | 33 | 21 X 2500 | 12 X 300 | 56100 |
| പ്ലസ് ടു | 8 | 0 | 8 | 8 X 2200 | - | 17600 |
| ആകെ | 40 | 26 | 66 | | | 95,450 |

രജിസ്റ്റർ ചെയ്ത 66 പേരുടെ പേരും അഡ്രസും മാത്രമാണ് ഫയലിലുള്ളത്. ആരുടേയും ഫോൺനമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായിട്ടുണ്ടെന്നതിനുള്ള തെളിവു രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 13/24.06.2021). ഇതിനു ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ പേരും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെന്നും, കോവിഡിന്റെ സാഹചര്യത്തിൽ പരീക്ഷ നടത്തിപ്പിൽ കാലതാമസം നേരിട്ടതിനാൽ ഹാൾ ടിക്കറ്റുകൾ വാങ്ങി സൂക്ഷിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്. രജിസ്റ്റർ ചെയ്യപ്പെടുന്ന പഠിതാക്കളുടെ പേര്, വയസ്സ്, അഡ്രസ്സ്, ഫോൺ നം തുടങ്ങിയ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ ഉണ്ടാകേണ്ടതും, എല്ലാ പഠിതാക്കളും കോഴ്സ് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 നാപ്കിൻ വെൻഡിംഗ് മെഷീൻ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 299/19-20, നാപ്കിൻ വെൻഡിംഗ് മെഷീൻ |
| അടങ്കൽ | 1,00,000/-(തനതു ഫണ്ട്) |
| ചെലവ് | 71095/-രൂപ ( EDCB A/C ചെക്ക് നം 731262/23.01.2020) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഒരു എയിഡഡ് ഹൈസ്കൂളായ എം.എ.എച്ച്.എസ് നെടുമ്പാശ്ശേരിയിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ക്വട്ടേഷൻ മുഖേന തെരെഞ്ഞെടുത്ത Forworld Enterprises Maradu North എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും മെഷീൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഹൈസ്കൂളുകൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളല്ല. ജില്ലാ പഞ്ചായത്തിനാണ് ഹൈസ്കൂളുകളിലെ പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഹൈസ്കൂളുകളുടെ എന്തെങ്കിലും ആവശ്യങ്ങൾക്ക് പദ്ധതികൾ നടപ്പാക്കേണ്ടതില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലും പൊതു ചുമതലകളിലും പെടാത്ത ആവശ്യങ്ങൾക്ക് പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 15/25.06.2021).

വനിതാ ക്ഷേമം ലക്ഷ്യം വച്ച് ഗ്രാമ സഭാ യോഗതീരുമാനത്തിന്റേയും, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം നടപ്പാക്കിയ പദ്ധതിയാണെന്നും, പഞ്ചായത്തിലെ ഏക ഹൈസ്കൂൾ എം.എ.എച്ച്.എസ് നെടുമ്പാശ്ശേരി ആയതിനാലാണ് അവിടെ പദ്ധതി നടപ്പാക്കിയതെന്നുമാണ് ഓഡിറ്റ് എന്ക്വയറിക്ക് മറുപടി നൽകിയത്.

വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമ സഭകളിലും ഇത്തരം പദ്ധതി നിർദ്ദേശങ്ങൾ വന്നപ്പോൾ അത് ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പദ്ധതി നടപ്പാക്കുകയായിരുന്ന ചെയ്യേണ്ടിയിരുന്നത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലും പൊതു ചുമതലകളിലും പെടുന്ന ആവശ്യങ്ങൾക്ക് മാത്രം പദ്ധതി രൂപീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് വൈദ്യുത ചാർജ്- ഉപയോഗിക്കുന്ന ലൈറ്റുകളുടെ കൃത്യമായ കണക്കില്ല.

2019-20 വർഷം തെരുവ് വിളക്ക് വൈദ്യുത ചാർജിനത്തിൽ 52,74,789/-രൂപയാണ് പഞ്ചായത്തിന് ചെലവായിട്ടുള്ളത്(Head Of Account- 230100101) .08.07.2019 മുതൽ പ്രാബല്യത്തിൽ വന്ന നിരക്കനുസരിച്ച് (മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) താരിഫ് ) താഴെ പറയും പ്രകാരമാണ് പ്രതിമാസ തെരുവ് വിളക്ക് വൈദ്യുത ചാർജ് ഇനത്തിൽ പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി ഈടാക്കുന്നത്. കൂടാതെ മീറ്റർ ഘടിപ്പിച്ചിട്ടുള്ള വിവിധ ഹൈമാസ്റ്റ് ലൈറ്റുകളുടേയും വൈദ്യുത ചാർജ്ജിനത്തിലും പഞ്ചായത്തിന് ചെലവുണ്ട്.

| ഇനം | എണ്ണം | നിരക്ക് ( Burning Charge For 12 Hrs) | തുക |
|---|---|---|---|
| ഓർഡിനറി ബൾബ്-40 W | 360 | 73 | 26280 |
| ഓർഡിനറി ബൾബ്-60 W | 11 | 112 | 1232 |
| ഡബിൾ ട്യൂബ് സെറ്റ്-2X40 W | 1647 | 147 | 242109 |
| 250 W സോഡിയം വേപ്പർ ലാമ്പ് | 9 | 492 | 4428 |
| 72 W സി.എഫ്.എൽ | 1063 | 116 | 123308 |
| 2x11 W സി.എഫ്.എൽ | 216 | 35 | 7560 |
| 150 W സി.എഫ്.എൽ | 18 | 231 | 4158 |
| 72 W സി.എഫ്.എൽ | 300 | 116 | 34800 |
| ആകെ | 3624 | | 443875 |

കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസ് അനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള 3624 വിളക്കുകളിൽ 371 എണ്ണം സാധാരണ ബൾബുകളായി കണക്കാക്കിയാണ് കറന്റ് ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണാം. കുറഞ്ഞ വൈദ്യുതി ചാർജ്ജ് വരുന്ന എൽ ഇ ഡി ലൈറ്റുകൾ വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും നിരക്ക് നിശ്ചയിച്ചതിൽ കണക്കിലെടുത്തിട്ടില്ല.

മേൽ പ്രകാരം മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിൽ 12മണിക്കൂർ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 4,43,875/-രൂപ മാസനിരക്കിൽ ജൂലൈ 2019 മുതൽ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി യിൽ അടവാക്കിവരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി സാധാരണ ബൾബുകൾ ഉപയോഗിക്കാറില്ല. CFL ഉം LED ലൈറ്റുകളുമാണ് കൂടുതലും ഉപയോഗിക്കുന്നത്. 2019-20 വർഷവും 3,99,000/- രൂപ ചെലവഴിച്ച് 114 LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം 120/19-20). ആയതിനാൽ പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളിൽ നിലവിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നുണ്ടോയെന്നത് പരിശോധിക്കണമെന്നും, കൂടാതെ താഴെ പറയുന്ന കാര്യങ്ങൾക്കു കൂടി വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 03/22.06.2021).

1. 7.7.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

2. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ?

3. സ.ഉ.(സാധാ)1784/2020/തസ്വഭവ തീയതി 29.09.2020 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ ?

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തെരുവു വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കാൻ 6,00,000/-രൂപ വകയിരുത്തി 2021-22 വർഷത്തിൽ പദ്ധതി വച്ചിട്ടുണ്ടെന്നും ( നം 12/2022), തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിക്ക് 2021-22 വർഷത്തിൽ 3,18,000/- രൂപയും( പ്രോജക്റ്റ് നം 16/22) വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചു. ഹാജരാക്കിയ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവുമൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്നു കണ്ടു. കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിലെ ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം , തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. തെരുവ് വിളക്ക് മെയിന്റനൻസിന് വേണ്ടിയുള്ള ചെലവിന്റെ അടങ്കൽ തിട്ടപ്പെടുത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. ആയതിനാൽ തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും, പുതുതായി കൂട്ടിച്ചേർക്കുന്നവ ഉൾപ്പെടുത്തിപ്പോരേണ്ടതുമാണ്. അറ്റകുറ്റപ്പണി നടത്തുന്നതിന്റെ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , നിലവിൽ ഉപയോഗിക്കുന്ന ലൈറ്റുകളുടെ ഇനമനുസരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി അതനുസരിച്ചുള്ള വൈദ്യത ചാർജ്ജ് ഡിമാന്റ് ചെയ്യാൻ ആവശ്യപ്പെടേണ്ടതാണ്. തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിയും മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയും എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകേണ്ടതാണ്.

## 1-24 ജനത ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S 113/19-20, ജനത ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി |
| അടങ്കൽ | 10,00,000/-(തനതു ഫണ്ട്) |
| ചെലവ് | 9,52,000/-രൂപ ( വൗച്ചർ നം 21900309/29.06.2019) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 10 മുതൽ 70 വയസ്സ് വരെ പ്രായമുള്ള വ്യക്തികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. കഴിഞ്ഞ കുറെ വർഷങ്ങളിലായി ഈ

പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മേൽ പ്രായ വിഭാഗത്തിൽപ്പെട്ട നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് അപകട മരണം സംഭവിച്ചാൽ 1,00,000/-രൂപ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കത്തക്ക വിധമാണ് 2019-20 വർഷം പോളിസി പുതുക്കിയിട്ടുള്ളത്. മേൽ പ്രായ പരിധിയിൽ 28,000 വ്യക്തികളുണ്ടാകുമെന്ന കണക്കിൽ ഒരാൾക്ക് 34/- രൂപ നിരക്കിൽ 28000 പേർക്ക് 9,52,000/- രൂപയാണ് ആകെ പ്രീമിയം ഇനത്തിൽ തൻവർഷം ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയിൽ അടവാക്കിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനമായതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പിലാക്കാവൂ. സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്നും, എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ഇൻഷുറൻസ് ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്ന വിവരവും അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 14/24.06.21).

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2008ലെ 30840/DA2/08 നം കത്ത് പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 10 മുതൽ 70 വയസ്സ് വരെ പ്രായമുള്ള വ്യക്തികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതിയുണ്ടന്നാണ് അറിയിച്ചത്. നെടുമ്പാശ്ശേരി പഞ്ചായത്ത് കഴിഞ്ഞ 11 വർഷമായി ഈ പദ്ധതി നടപ്പാക്കിവരുന്നതുകൊണ്ട് സംസ്ഥാന സർക്കാർ സമാനമായ സ്കീം നടപ്പാക്കുന്നതുവരെ തനതുഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുന്നുവെന്നാണ് പ്രസ്തുത കത്തിൽ പറയുന്നത്. ഇൻഷുറൻസ് ആനുകൂല്യം ലഭിച്ചവരുടെ കൃത്യമായ കണക്ക് പഞ്ചായത്ത് ഹാജരാക്കിയില്ല. ആയത് ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. പ്രതിവർഷം പത്ത് ലക്ഷത്തോളം രൂപ തനതുഫണ്ടിൽ നിന്നും പഞ്ചായത്ത് ഈ പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്. ഇതേ തുകകൊണ്ട് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമായ സമാന പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 'കില" യുടെ നിർദ്ദേശപ്രകാരം ചെലവഴിച്ച തുക -തിരികെ ലഭ്യമാക്കണം

2019-20 വർഷത്തിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് 2020 ഫെബ്രുവരി 10,11 തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചതിന് വൗച്ചർ നം 21901340/24.02.2020 പ്രകാരം -32,775/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവുകളുടെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് കില യിൽനിന്നും റിഫണ്ട് ലഭിക്കുമെന്ന നിർദ്ദേശപ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. തിരികെ ലഭിക്കുവാനുള്ള ചെലവായതിനാൽ അഡ്വാൻസ് ഹെഡിൽ ചെലവ് രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ 220800199- Other Administrative Expenses എന്ന ഹെഡിലാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്. കൂടാതെ PENCIL എന്ന പേരിൽ കുടുംബശ്രീ മുഖേന കുട്ടികൾക്ക് അവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചതിന് വൗച്ചർ നം 21900266/11.06.2019 പ്രകാരം 9,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കില യിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 4/22.06.2021). ഇതിനു നൽകിയ മറുപടിയിൽ തുക ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചത്. തുക കില യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവുകൾ ശരിയായ കണക്കു ശീർഷകത്തിൽ രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ജലനിധി- പദ്ധതി നടത്തിപ്പിലെ കാലതാമസം

കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ പ്രൊജക്ട് -ന്റെ ഭാഗമായി 200 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "ജലനിധി II " പദ്ധതിയിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നു. ഈ പദ്ധതിയുടെ നിബന്ധനപ്രകാരം നിർവ്വഹണച്ചെലവിന്റെ 75% സംസ്ഥാനസർക്കാരും, 15% ഗ്രാമപഞ്ചായത്തും, 10% ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം, ഭൂഗർഭജല റീചാർജ്ജിംഗ് എന്നിവ ഘടകമായിട്ടുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷനുമായി ഒപ്പുവെച്ച കരാർ പ്രകാരം ഗ്രാമപഞ്ചായത്ത് പത്ത് ലക്ഷം രൂപ പദ്ധതി നിർവ്വഹണത്തിന്റെ ആരംഭഘട്ടത്തിൽ ദേശാസാൽകൃതബാങ്കിൽ ആരംഭിച്ചിട്ടുള്ള ജലനിധി പദ്ധതി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായിട്ടുണ്ട്.

അതുപ്രകാരം എസ് .ബി. റ്റി ബാങ്കിൽ ആരംഭിച്ച ജലനിധി അക്കൗണ്ടിൽ 21/03/2017 ൽ പഞ്ചായത്തിന്റെ വിഹിതമായി 10 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. ഈ പദ്ധതിക്കുവേണ്ടി ഗ്രാമപഞ്ചായത്തിനുള്ളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന്

ആവശ്യമായ റിസർവോയർ നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം വിട്ട് കൊടുക്കുന്നത് സംബന്ധിച്ച് തർക്കം ഉണ്ടായതിനെത്തുടർന്ന് പദ്ധതി പ്രവർത്തനം തടസ്സപ്പെട്ടു.

മേൽസാഹചര്യത്തിൽ ജലനിധി പദ്ധതി ഈ പഞ്ചായത്തിൽ പ്രാവർത്തികമല്ല എന്ന കാരണത്താൽ ടി തുക നാളിതുവരെ ചെലവാക്കാതെ നിഷ്ക്രിയമായി 2019-2020 വാർഷികക്കണക്കുകളിലെ ബാലൻസ് ഷീറ്റിൽ 31.03.2020-ൽ 11,10,056/- രൂപ നീക്കിയിരുപ്പുണ്ട്. തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാനാവില്ലെങ്കിൽ ടി തുക ബന്ധപ്പെട്ട ഏജൻസിയുമായുള്ള കരാർ ഉടമ്പടിക്ക് വിധേയമായും, സർക്കാർ അനുമതിയോടെയും പഞ്ചായത്തിലെ മറ്റ് കുടിവെള്ള വിതരണപദ്ധതികളുമായി സംയോജിപ്പിച്ച് ചെലവാക്കുവാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ഹിന്ദി പഠന ക്ലാസ്സ്- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 173/19-20, ഹിന്ദി പഠന ക്ലാസ്സ് |
| അടങ്കൽ | 1,00,000/-(തനതു ഫണ്ട്) |
| ചെലവ് | 1,00,000/- ( STSB A/C ചെക്ക് നം 2858071/18.03.2020) |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ .എൽ പി.സ്കൂൾ |

ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് ഹിന്ദി ഭാഷയിൽ പ്രാവീണ്യം നൽകുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. പദ്ധതി നടത്തിപ്പിനായി നിയോഗിച്ച ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭ, എറണാകുളം കേന്ദ്രത്തിനാണ് പദ്ധതിത്തുക കൈമാറിയിട്ടുള്ളത്. ജയ് ഹിന്ദി-ജയ് ഹിന്ദി സ്പോക്കൺ ഹിന്ദി കോഴ്സ് ഫീ എന്ന പേരിലുള്ള കോഴ്സിന്റെ ക്ലാസ്സ് നടത്തിയത് Kochi Institute Of Management & Training എന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന്റെ പേരിലുള്ള ക്രമ നമ്പറോ, സ്ഥാപനത്തിന്റെ ഫോൺ നമ്പറോ രേഖപ്പെടുത്താത്ത ഡി.റ്റി.പി. ചെയ്തെടുത്ത പേയ്മെന്റ് വൗച്ചറുകളും, ഫോട്ടോ സ്റ്റാറ്റ് എടുത്തതിന്റെ ബില്ലുകളുമാണ് ചെലവ് രേഖകളായി ഹാജരാക്കിയിട്ടുള്ളത്. ഹാജർ പുസ്തകം പ്രകാരം 2019 ഒക്ടോബർ മുതൽ 2020 മാർച്ച് വരെ യുള്ള കാലയളവിൽ ആകെ 38 ദിവസങ്ങളിലാണ് ക്ലാസ് നടത്തിയിട്ടുള്ളത്. ആദ്യ ക്ലാസ്സിൽ 40 പേരോളം പങ്കെടുത്തെങ്കിലും പിന്നീട് പങ്കാളിത്തം കുറഞ്ഞുവരികയായിരുന്നു. അവസാന ക്ലാസ്സിൽ പങ്കെടുത്തത് കേവലം 19 പേർ മാത്രമായിരുന്നു. പദ്ധതി പുരോഗതി യഥാസമയം വിലയിരുത്തിയതായി രേഖകളില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നതിവും വ്യക്തതയില്ല.

2) സബ്സിഡി മാർഗരേഖ പ്രകാരം പ്രോജക്ട് അനുവദനീയമല്ലായെന്ന് കാണുന്നു. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട് (മാർഗരേഖ – പൊതുനിബന്ധനകൾ-ഖണ്ഡിക 2.2.) ആയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം ഹിന്ദി പഠന ക്ലാസ് നടത്തുവാൻ ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയതും ഹാജരാക്കേണ്ടതാണ്.

4. ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭ ഹാജരാക്കിയ 1,17,035/- രൂപയുടെ ഇൻവോയ്സ് (നം 11 /05.02.2020) പ്രകാരമാണ് പ്രോജക്ടിൽ വകയിരുത്തിയ 1,00,000/- രൂപ നൽകിയിട്ടുള്ളത്. ബാലൻസ് തുക 2019-20 വർഷത്തിൽ നൽകിയിട്ടില്ല. എന്നാൽ സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് പത്രിക പ്രകാരം ഇതേ ആവശ്യത്തിനായി 1,00,000/-രൂപ അടങ്കലുള്ള മറ്റൊരു പദ്ധതിയുള്ളതായും കാണുന്നുണ്ട് ( പ്രോജക്ട് നം 300/20). ആദ്യ പദ്ധതിക്ക് 12.12.2018 ലും, രണ്ടാമത്തേതിന് 13.06.2019 ലുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. യാതൊരു ആസൂത്രണവുമില്ലാതെയാണ് ഇത്തരമൊരു പദ്ധതി തയ്യാറാക്കിയതെന്ന് പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചതിൽ നിന്നും വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിലും ഇത്തരമൊരു പദ്ധതിയെക്കുറിച്ച് പരാമർശമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് മറുപടിയോടൊപ്പം ഹാജരാക്കിയത് സർക്കാരിലേക്ക് ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭ നൽകിയ താഴെ കാണും വിധം തയ്യാരാക്കി നൽകിയ പ്രോജക്റ്റ് പ്രൊപ്പോസലിന്റെ പകർപ്പും, ഈ സ്ഥപനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെ പകർപ്പും മാത്രമാണ്.

| ജയ് ഹിന്ദി-ജയ് ഹിന്ദി സ്പോക്കൺ ഹിന്ദി കോഴ്സ് -മതിപ്പ് ചെലവ് പത്രിക-(60 പഠിതാക്കൾക്ക്) | |
|---|---|

| | |
|---|---|
| പഠന ഫീസ്, മറ്റ് അനുബന്ധ ചെലവുകളും 2500X60 | 1,50.000 |
| പ്രാദേശിക ചെലവുകൾ | 2,000 |
| അദ്ധ്യാപക ശമ്പളം (1 അദ്ധ്യാപകX 26 ആഴ്ച X Rs.800/-) | 20,800 |
| അനദ്ധ്യാപക ജോലിക്കാരന്റെ ശമ്പളം (26 ആഴ്ച @ Rs.600/-) | 15,600 |
| ഉന്നത അധികാരികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ തുടങ്ങിയവർക്ക് യാത്രപ്പടി, ഭക്ഷണം തുടങ്ങിയ ചെലവുകൾ | 11,600 |
| ആകെ തുക | 2,00,000 |

മേൽ ശുപാർശക്ക് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. പദ്ധതി നിർദ്ദേശമനുസരിച്ച് 60 പേർക്കുള്ള കോഴ്സ് ചെലവ് 2,00,000/-രൂപയാണ്. പഞ്ചായത്തിൽ ഈ കോഴ്സിൽ ആകെ പങ്കെടുത്തത് 40 പേർ മാത്രമായിരിക്കെ, 173/19-20 നം പ്രോജക്റ്റ് പ്രകാരം 1,00,000/- രൂപ ചെലവഴിക്കുകയും, ബാലൻസ് തുക നൽകുവാൻ 1,00,000/- രൂപ അടങ്കലിൽ മറ്റൊരു പ്രോജക്റ്റ് വക്കുകയും ചെയ്തിരിക്കുന്നു ( പ്രോജക്റ്റ് നം 300/20). അധിക ചെലവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോദിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകന റിപ്പോർട്ടും കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരങ്ങളും ഹാജരാക്കിയില്ല. പദ്ധതി വിജയകരമായി പൂർത്തിയാക്കിയെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും , സർക്കാർ അനുമതിയും ലഭ്യമാക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് മെയിന്റനൻസ്-പദ്ധതി അപാകതകൾ

| | | |
|---|---|---|
| പ്രോജക്റ്റ് നം ,പേര് | എസ്.108/19-20, തെരുവ് വിളക്ക് മെയിന്റനൻസ് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പദ്ധതി അടങ്കൽ | 17,00,000/-രൂപ (തനതു ഫണ്ട്) | |
| ചെലവഴിച്ച തുക-12,57,811/- രൂപ | 5,30,843 | SBI E Payment A/C ചെക്ക് നം 034673/11.11.2019 |
| | 1,07,345 | SBI E Payment A/C ചെക്ക് നം 034677/11.11.2019 |
| | 6,19,623 | SBI E Payment A/C ചെക്ക് നം 034679/11.11.2019 |
| | 12,57,811 | |

തെരുവ് വിളക്ക് മെയിന്റനൻസിനായി ആവിഷ്കരിച്ച 2019-20 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതി അടങ്കൽ 5 ലക്ഷത്തിലധികമായിരുന്നിട്ടും ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

2. 19.07.2019 ൽ നടത്തിയ സാധാരണ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ റോയ് വർഗീസിന്റെ 06.08.2019 ലെ 6 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഈ കരാറുകാരന് പിന്നീട് കെ.എസ്.ഇ.ബി.യിൽ ജോലി കിട്ടിയതിനെ തുടർന്ന് 11/2019 ൽ കരാർ അവസാനിപ്പിക്കുകയും , വീണ്ടും ടെണ്ടർ ക്ഷണിച്ച് ബിന്ദു ലാൻസൺ എന്ന കരാറുകാരനെ തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന കാലയളവിലേക്കാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

| തുക അനുവദിച്ച കാലയളവ് | അനുവദിച്ച തുക | തുക കൈപ്പറ്റിയ കരാറുകാരൻ |
|---|---|---|
| 03/4/19-15/7/19 | 5,30,843 | റോയ് വർഗീസ് |
| 16/7/19-15/11/19 | 6,19,623 | റോയ് വർഗീസ് |
| 09/12/19-23.01.20 | 1,07,345 | ബിന്ദു ലാൻസൺ |
| ആകെ | 12,57,811 | |

3. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത് .എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പരാതി രജിസ്റ്ററിൽ തുക അനുവദിച്ച മേൽ കാലയളവിൽ ഒരു പരാതി പോലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

4) കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി തുക നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ഇതിൽ ഏത് ദിവസം രജിസ്റ്റർ ചെയ്ത പരാതിയിൽ, എന്ന് , എപ്രകാരമുള്ള പണി നടത്തിയെന്ന് വ്യക്തമാക്കുന്നില്ല. മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിയതിന് തെളിവായി ബില്ല് വാങ്ങി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ വാങ്ങിയ സാധനങ്ങളുടെ എണ്ണം, ഗുണനിലവാരം, അംഗീകൃത ബ്രാൻഡഡ് ആണോ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനാവുന്നില്ല. വാറന്റി കാലയളവിൽതന്നെ കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല .

5.ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നിലവിൽ ഇത്തരമൊരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്ക് മെയിന്റൻസുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | 01.04.2019 ലെ മുന്നിരിപ്പ് | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 255000 | | പാലിയേറ്റീവ് കെയർ ( S187/20) | 255000 | 0 |
| | | 100000 | | ശാരീരിക- | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 2019-20 | | | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S163/20) | | |
| | 2019-20 | 100000 | | പാൽ സബ്സിഡി (S180/20) | 100000 | 0 |
| | 2018-19 | 184000 | | പാലിയേറ്റീവ് കെയർ | 169741 | 14259 |
| | 2017-18 | 50000 | | പൊതുകിണർ നിർമ്മാണം | 48483 | 1517 |
| | 2016-17 | 250000 | | മാലിന്യ സംസ്കരണം | 0 | 250000 |
| | 2016-17 | 2406671 | | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം | 0 | 2406671 |
| | 320 700 204 | | 843751 | ആകെ | | 2672447 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3000000 | | Sc ഹാൾ പുനരുദ്ധാരണം | 1088449 | 1911551 |
| | 2019-20 | 100000 | | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S163/20) | 100000 | 0 |
| | 2019-20 | 17900 | | പാൽ സബ്സിഡി (S180/20) | 17900 | 0 |
| | 2019-20 | 38715 | | തരിശ് നെൽക്കൃഷി വികസനം (S187/20) | 38715 | 0 |
| | 2018-19 | 1000000 | | ആലുങ്കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ | 988137 | 11863 |
| | 320 700 105 | | 3011863 | ആകെ( For Capital Exp.) | | 1923414 |
| | 2017-18 | 150000 | 150000 | For Revenue Expenditure | 0 | 150000 |
| | 320 700 205 | | 150000 | ആകെ (For Revenue Exp.) | | 150000 |

സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക് വിഹിതത്തിൽ 31.03.2020 വരെ ചെലവാക്കാൻ ബാക്കി നിൽക്കുന്ന 26,72,447/- രൂപയിൽ 2406671/- രൂപ ലൈഫ് ഭവനപദ്ധതിക്കുവേണ്ടിയും, 2,50,000/-രൂപ മാലിന്യസംസ്കരണപദ്ധതിക്കുവേണ്ടിയും ലഭച്ചതാണ്. ആയത് ചെലവഴിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മല്ലശ്ശേരി എസ്.സി. കോളനി വികസനത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 30,00,000/-രൂപയിൽ 2019-2020 വരെ 19,88,449/- മാത്രമേ( എസ് .സി. കോളനി ഓഡിറ്റോറിയം പുനരുദ്ധാരണം) ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക കൂടി ഈ മേഖലയിലെ വികസനത്തിന് വേണ്ടി ചെലവഴിക്കേണ്ടതിലേക്ക് ബന്ധപ്പെട്ട വര്ക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | 2015-16 | 267270 | 0 | 267270 |
| | സർവ്വീസ് കണക്ഷൻ - ഹൈമാസ്റ്റ് വിളക്കുകൾ | 2017-18 | 11670 | | 11670 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | 2018-19 | 2023000 | | 2023000 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ നീട്ടൽ & പോസ്റ്റ് മാറ്റൽ | 2019-20 | 930288 | 239846 | 690442 |
| | ആകെ | | | | 2992382 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2011-12 | 1903000 | 1471818 | 431182 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-ചെറിയ വാപ്പലശ്ശേരി | 2011-12 | 47071 | 0 | 47071 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2013-14 | 35000 | 33183 | 1817 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-ചെറിയ വാപ്പലശ്ശേരിഇരുത്ത് കോളനി | 2013-14 | 300000 | 0 | 300000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-റയിൽവേ കോളനി | 2014-15 | 2117500 | 0 | 2117500 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വിവിധ വാർഡുകൾ | 2018-19 | 200000 | 0 | 200000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വാർഡ് 6 | 2019-20 | 200000 | 0 | 200000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വിവിധ വാർഡുകൾ | 2019-20 | 600000 | 0 | 600000 |
| | കുടിവെള്ള വിതരണം - മുഴിക്കൽ വൈദ്യപ്പാടം | 2019-20 | 150000 | 0 | 150000 |
| | ആകെ | | | | 4047570 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 50,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ പേര് |
|---|---|---|
| EDCB Athani On 14/06/2016 | 50,00,000 | EDCB Athani ( Closed On 07/12/2019 And Credited To Own Fund ) |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയാളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പറും തീയതിയും |
|---|---|---|---|---|
| 2017-18 | 2 | 1250 | മിനി മുത്തൂറ്റ് | 119040108661 10/02/2020 |
| 2018-19 | 2.1 | 2500 | ഒമാൻ എയർ | 119040400043 09/03/2020 |
| 2018-19 | 2.1 | 2400 | പിനാക്കിൾ കോഫി ഹട്ട് | 119041100415 |

| | | | | |
|---|---|---|---|---|
| | | | | 17/03/2020 |
| 2017-18 | 3.4 | 27000 | ടി.കെ സന്തോഷ് സെക്രട്ടറി | 119040100311 11/04/20219 |
| 2016-17 | 3.1(6) | 14061 | അസി.എൻജിനീയർ എൽ.എസ്.ജി.ഡി. | 119040102443 02/07/2019 |
| | | 47211 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2 (15) | 2006-07 | 3.39 | പൈപ്പ് ലൈൻ സ്ഥാപിക്കൽ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | തുക വാട്ടർ അതോറിറ്റി ചെലവഴിച്ചിട്ടുള്ളതും, വിനിയോഗസാക്ഷ്യപത്രം ഉൾപ്പെടുന്ന തുക കഴിച്ച് ബാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. |
| 2015-2016 | 2.1 | 2016-17 | 2 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട്. (118040103759/ 06.082018) |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 92737662 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74486361 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(1)/2018 തീയതി. 23.05.2018 | 4 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(7)/2018 തീയതി. 23.05.2018 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | - | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | - | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | - | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | - | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | - | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്